# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം.ജി.പി.5/04/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം.ജി.പി.5/04/2022 തീയ്യതി: 27/01/2023

# തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 26-09-2022 | 03-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-09-2022 | 03-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി .എം, ഓഡിറ്റ് ഓഫീസർ

ശ്രീ ജോസ്.ഡബ്ല്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ സുരേഷ്ബാബു.ബി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അനിൽകുമാർ .ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി തനൂജ എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റ്റി.ലാലിമുരളി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.മുബീന സലീം | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 02-10-2021 |
| ഡോ.സ്മിത എസ് പിള്ള | മെഡിക്കൽ ഓഫീസർ, ഹോമിയോ | 03-10-2021 | 31-03-2022 |
| ജയപ്രകാശ് എസ്.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 18-07-2021 |
| ഷാജി | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2021 | 31-03-2022 |
| അനിൽകുമാർ എ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ബിന്ദു പി.വി | സെക്രട്ടറി | 01-04-2021 | 31-03-2022 |
| സുനിഷ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീരമ്യ എസ്.നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2021 | 14-09-2021 |
| അഭിലാഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 15-09-2021 | 31-03-2022 |
| സജീഷ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2021 | 02-09-2021 |
| സരിത ചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 03-09-2021 | 31-03-2022 |
| ശ്രീമതി.ലക്ഷ്മി മുരുകൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മുംതാസ് ബീഗം. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.പ്രേം സുലജലത | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദു കെ.ആർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഷിബു.റ്റി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| നിഷ ജെ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 14-11-2021 |
| സബിത എസ് | ഐ.സി.ഡി.എസ് | 15-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| അനിൽകുമാർ എ.പി | സെക്രട്ടറി | 17-11-2021 | 01-12-2022 |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | 2021-22 ബജറ്റ് -അപാകങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ | 1-3-1 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്ഷേമ പദ്ധതികൾ | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- അപാകതകൾ | 1-5-1 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 12 | ക്യാഷ് ബാലൻസ്-പരിശോധന | 1-8 |
| 13 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 14 | ലേസർ പ്രിന്റർ നാളിതുവരെ ലഭിച്ചിട്ടില്ല - 51812/- രൂപ തടസ്സം ചെയ്യുന്നു | 1-10 |
| 15 | തെരുവ് വിളക്ക് പരിപാലനം- അപാകതകൾ | 1-11 |
| 16 | വസ്തുനികുതി - മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-12 |
| 17 | തൊഴിൽ നികുതി പിരിവ്-അപാകതകൾ | 1-13 |
| 18 | ലൈസൻസ് എടുക്കാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- നിയമവിരുദ്ധം | 1-14 |
| 19 | ടെലിക്കമ്മ്യൂണിക്കേഷൻ ടവ്വർ പെർമിറ്റ്-തുണ് ഘടനക്കുള്ള അധികതുക ഈടാക്കിയിട്ടില്ല | 1-15 |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു | 1-16 |
| 21 | വെള്ളക്കരം അടവാക്കൽ-അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-17 |
| 22 | രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ- സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ചു. | 1-18 |
| 23 | കന്നുകുട്ടി പരിപാലനം പദ്ധതി- രേഖകളുടെ അഭാവത്തിൽ 425000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-19 |
| 24 | ആട് വളർത്തൽ, പശുവളർത്തൽ പദ്ധതികൾ - അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് നിർവഹണം | 1-20 |
| 25 | റോഡ് പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-21 |
| 26 | സ്പിൽ ഓവർപ്രോജക്ടുകൾ പൂർത്തീകരിക്കുന്നില്ല. പ്രോജക്ടുകൾ | 1-22 |

| | | |
|---|---|---|
| | ഉപേക്ഷിക്കുന്ന പ്രവണതയുണ്ടാകുന്നു | |
| 27 | ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പ്രവൃത്തികൾ-വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ തുക അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം നൽകിയതിലൂടെ അധികച്ചെലവുണ്ടായി - 84904/-രൂപ തടസ്സം ചെയ്യുന്നു | 1-23 |
| 28 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത-അധിക തുകയ്ക്ക് സാങ്കേതികാനുമതി വാങ്ങി ചെലവ് ചെയ്തു. | 1-24 |
| 29 | എസ്റ്റിമേറ്റ് പ്രകാരം അനുമതി വാങ്ങിയതിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടപ്പിലാക്കി.അധികച്ചെലവ്- 26643/-രൂപ. | 1-25 |
| 30 | അങ്കിയറ-കരിങ്ങോട്ടുകോണം റോഡ് റീടാറിംഗ്-അധികച്ചെലവ് 9265/- | 1-26 |
| 31 | കോണത്ത് പൊറ്റയിൽ റോഡ് ഡ്രെയിൻ നിർമാണം-പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ. അധികച്ചെലവ് -9344/-രൂപ. | 1-27 |
| 32 | കുടുബാരോഗ്യകേന്ദ്രത്തിൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല | 1-28 |
| 33 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക തടസ്സം ചെയ്യുന്നു - 2873825/- | 1-29 |
| 34 | ഹരിത കർമ്മസേനാ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല | 1-30 |
| 35 | ലൈഫ് ഭവന പദ്ധതി- തുക കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല | 1-31 |
| 36 | സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല | 1-32 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക്നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണസമിതിയുടെ ജനറൽ കമ്മിറ്റി 09.02.22ലെ തീരുമാനം 2(1) പ്രകാരം മുന്നിരിപ്പും വരവും ഉൾപ്പെടെ 278294022/- രൂപയും 269185000/- രൂപ ചെലവും 9109022/- രൂപ നീക്കിയിരിപ്പും ഉള്ള ബജറ്റ് അംഗീകരിച്ചു.

### 1-1-1 2021-22 ബജറ്റ് -അപാകങ്ങൾ

1. ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ടിസ് പരിശോധിച്ചതിൽ ബജറ്റ് ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തീയതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. ഇതുമായി ബന്ധപ്പട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/01.10.22ന് ജനവരി മാസത്തിൽ ലഭിച്ച പ്രൊപ്പോസലുകൾ വിവിധ സ്റ്റാന്റിംങ് കമ്മറ്റികളിൽ വെച്ചെങ്കിലും നിർദ്ദേശമൊന്നും ലഭിച്ചിരുന്നില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

2. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല :- 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

3. പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

3. 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)].

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ച് സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

4. 2021-22 ബജറ്റ്, പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്. പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തുനികുതി | 8000000 | 4426943 |
| 2 | 1102001 | തൊഴിൽ നികുതി | 1100000 | 866960 |
| 3 | 1103501 | വിനോദ നികുതി | 400000 | 0 |
| 4 | 1308001 | മറ്റ് വാടകകൾ | 325000 | 0 |

Ii) ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501040 | മൃഗസംരക്ഷണം-രോഗനിയന്ത്രണം | 100000 | 0 |
| 2. | 2502001 | മണ്ണ് ജലസംരക്ഷണം | 200000 | 0 |

Iii) ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | മൃഗസംരക്ഷണം-കന്നുകുട്ടി പരിപാലനം | 2501034 | 100000 | 467500 |
| 2 | മൃഗസംരക്ഷണം-മുട്ടക്കോഴി വളർത്തൽ | 2501035 | 100000 | 357000 |
| 3. | ക്ഷീരവികസനം-സംഭരണവും വിപണനവും | 2501046 | 200000 | 700000 |
| 4 | സംയോജിതമത്സ്യകൃഷി | 2501063 | 200000 | 454353 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6), 214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്.

5. ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം (214(5)). എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2022-23 -ലെ ബജറ്റിനൊപ്പം 2021-22-ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് മാത്രമാണ് പാസാക്കിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2022 | 06.05.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3. KURDFC ലോണുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിക,സെക്രട്ടറിയുടെ ചെലവ് പത്രിക എന്നിവയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു. ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 22499397 | 0 | 22499397 | 2082666 | 20416731 |

4. 2020-21 വർഷത്തെ B-7, 2021-22 വർഷത്തെ RP-34 (വരവ്), RP-34 (ചെലവ്), B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 23970 | - | 7500 | 16470(2013 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട്) |
| Suppliers EMD | 50847 | 1500 | - | 52347(2017 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട്) |
| Bidders EMD | 24738 | 55000 | 40500 | 39238(2015 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട്) |
| Suppliers Security Deposit | 35745 | - | - | 35745(2015 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട്) |
| Bidders Security Deposit | 14000 | 29299 | 12500 | 30799*(2015 മുതലുള്ള തുകകൾ ഉൾപ്പെട്ടിട്ടുണ്ട്) |
| Contractors Retention | 161554 | 54266 | 55717 | 160103 |
| Rent Deposit | 2500 | 2550 | - | 5050(രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല) |
| Auction Deposit | 7700 | 1500 | - | 9200(രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല) |
| Deposit Received For Halls & Auditoriums | 250 | - | - | 250(രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല) |
| Election Deposit | 90000 | - | - | 34000* |

*Bidders Security Deposit, Election Deposit എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ വരവ്, ചെലവ്, നീക്കിയിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ലഭ്യമായ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം Rent Deposit, Auction Deposit, Deposit Received For Halls & Auditoriums 21-22 ലെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഇനങ്ങളിലെ തുകകളുടെ

ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2013 മുതലുള്ള ഡെപ്പോസിറ്റുകൾ ഉണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 09/29.09.22 ന് ആയതിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

5. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 21-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2022 മാർച്ച് മാസത്തെ വേതനം (MNREGS), ജനപ്രതിനിധികളുടെ ഓണറേറിയം, ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ്, വൈദ്യുതി എന്നിവയ്ക്ക് 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

6. B-9 ഷെഡ്യൂളിലെ Government And Other Dues Payable-Library Cess, Other Liabilities എന്നീ ഇനങ്ങളിലെ ചുവടെ ചേർക്കുന്ന തുകകൾ നീക്കിയിരിപ്പായതിനുള്ള കാരണം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| Government And Other Dues Payable-Library Cess | 285420.95 |
| Other Liabilities | 167341 |

7. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുൻകൂറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | മുന്നിരിപ്പ്(20-21 B18) | തൻവർഷം പഞ്ചായത്ത് ചെലവഴിച്ച തുക (RP 47 Payment) | തൻവർഷം വരവായി ലഭിച്ച തുക (RP 47 Receipt) | നീക്കിയിരിപ്പ് (2021-22 B18) |
|---|---|---|---|---|---|
| 1 | Other Advances | 47760 (2020 വർഷത്തിൽ നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 52256 | - | 100016 |
| 2 | Advance To Implementing Officers-Deposit With KSEB | 1275679 | 99000 | - | 1374679 |
| 3 | Advance To Implementing Officers- | 55300 | 190844 | 192461 | 53683 |
| 4 | Advance To Others | 525990 (2020-21 ൽ നൽകിയ തുകയാണ്. നാളിതുവരെ ക്രമീകരിച്ചിട്ടില്ല) | 1304953 | 667365 | 1163578 |
| 5 | Advance To Implementing Agencies-Deposit With KWA | - | 2695800 | - | 2695800 |

Advance To Implementing Officers- മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ രജിസ്റ്റർ പ്രകാരമുള്ളമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. Deposit With KWA, Deposit With KSEB എന്നിവയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമായ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2021-22 വാർഷിക ധനകാര്യപത്രികയിലെ B18 ൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ ഏതൊക്കെ പ്രവൃത്തികൾക്കാണോ നൽകിയിട്ടുള്ളത് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം - 09/29 .09.22ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മേൽ വിവരങ്ങൾക്ക് കൃത്യമായി മറുപടി ലഭ്യമാക്കിയിട്ടില്ല.

8. വാർഷിക ധനകാര്യപത്രികയിലെ Income & Expenditure ഷെഡ്യൂൾ പ്രകാരം വരവ് തുക 199829920 രൂപയും, ചെലവ് തുക 201108663 രൂപയുമാണ്. വരവിനേക്കാൾ 1278743/- രൂപ അധികമാണ് ചെലവ് കാണിച്ചിട്ടുള്ളത്.

9. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | AFS പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട് CFC (Tied) | 763207 | 6812308 |
| വികസനഫണ്ട് CFC (Untied) | 2416941 | 3182759 |
| ജനറൽ പർപ്പസ് ഫണ്ട് | 17016000 | 17049007 |

എ.സി.ആർ പ്രകാരം അലോട്ട്മെന്റ് നൽകിയിട്ടുണ്ടെങ്കിലും മാർച്ച് അവസാനം ട്രഷറിയിൽ നൽകിയ ബിൽ ഏപ്രിൽ മാസത്തിൽ മാറിയതാണ് പ്രസ്തുത വ്യത്യാസത്തിന് കാരണമെന്നാണ് മറുപടി ലഭ്യമാക്കിയത്.

10. B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 2553802/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക B 17 പ്രകാരം 217363 /- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പും വ്യത്യാസം വന്നതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

| | 21-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 196000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1137802 |
| മുനിസിപ്പൽ കോർപ്പറേഷൻ | 1200000 |
| ആകെ | 2553802 |

11. സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

12. I(14d),I6 എന്നിവ പ്രകാരമുള്ള തൊഴിൽ രഹിതവേതനം തുകയും ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | AFS പ്രകാരമുള്ള തുക | ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള തുക |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 4800 | 2400 |

13. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ 90000/- രൂപ സെക്രട്ടറിയുടെ ബിൽ ബുക്ക്, ബിൽ നം 34/14.02.22 പ്രകാരം പിൻവലിച്ചിട്ടുണ്ടെങ്കിലും RP-7, I(6), I-14 (D), എന്നിവയിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടില്ല. രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

14. I-18 Schedule പ്രകാരം Residential Building ഇനത്തിൽ 182840/- രൂപ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

15. എ.എഫ്.എസ് പ്രകാരം Capital Work In Progress 470334/- രൂപയാണ്. പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കുന്നതിനായി A.E യുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

16. എം.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | ക്യാഷ് ബുക്ക് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 9346 | 9346 |
| വരവ് | 1292377 | 658020 |
| ചെലവ് | 1301723 | 667366 |
| നീക്കിയിരിപ്പ് | 0 | 0 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 09/29 .09.22ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിനു ശേഷമുള്ള പരാമർശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ അപാകങ്ങൾക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതും അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14708334 | 14708334 | 17254050* | -2545716 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 5249000 | 5249000 | 4628058* | 620942 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| CFC(tied) | 0 | 10574662 | 10574662 | 6587308* | 3987354 |
| CFC(untied) | 0 | 4249419 | 4249419 | 3182759 | 1066660 |
| Maintenance Fund(nonroad) | 0 | 7297092 | 7297092 | 4553072 | 2744020 |
| Maintenance Fund(road) | 0 | 20800000 | 20800000 | 19049356 | 1750644 |
| CSS* | 0 | 0 | 0 | 2102812 | -2102812 |
| SSS* | 0 | 0 | 0 | 935000 | -935000 |

1) * വികസനഫണ്ട് (ജനറൽ) ACR പ്രകാരമുള്ള ചെലവ് 13989384/- രൂപയാണ്.

2) * വികസനഫണ്ട് (എസ്.സി.പി) ACR പ്രകാരമുള്ള ചെലവ് 4496058/- രൂപയാണ്.

3) * CFC (Tied) ACR പ്രകാരമുള്ള ചെലവ് 6812308/- രൂപയാണ്.

4) *CSS കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5) *SSS സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-3-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

1. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 17254050 | 13989384 |
| വികസനഫണ്ട്(എസ്.സി.പി) | 4628058 | 4496058 |
| വികസനഫണ്ട്CFC(tied) | 6587308 | 6812308 |

എ.സി.ആർ പ്രകാരം അലോട്ട്മെന്റ് നൽകിയിട്ടുണ്ടെങ്കിലും മാർച്ച് അവസാനം ട്രഷറിയിൽനൽകിയ ബിൽ ഏപ്രിൽ മാസത്തിൽ മാറിയതാണ് പ്രസ്തുത വ്യത്യാസത്തിന് കാരണമെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -10/29. 09.2022ന് മറുപടി ലഭ്യമാക്കിയത്.

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. സ.ഉ(കൈ)നം.11/2018/lsgd Dated 29.01.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം

വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 % എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 4313520/- രൂപയാണ്. എന്നാൽ ഉത്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (4802278/-) വകയിരുത്തിയിട്ടുണ്ട്. ആകെ ചെലവഴിച്ചിരിക്കുന്നത് 4664134/-രൂപയാണ്. വകയിരുത്തലിന്റെ ചെലവ് ശതമാനം 97% മാണ്.

4. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 987970/- ആണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, Special Plan Wise Expenditure Statement 20-21 എന്നിവ പ്രകാരം 314000/- രൂപ മാത്രമാണ് പ്രസ്തുത മേഖലയ്ക്കായി വകയിരുത്തിയത്. ആയതിൽ നിന്നും 242999/- രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. വകയിരുത്തലിന്റെ 77% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് പത്രിക പ്രകാരം ചുവടെ ചേർക്കും പ്രകാരം അടങ്കൽ വകയുരുത്തുകയും ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| പ്രോജക്റ്റ് നം. | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| 39/21-22 | 726750 | 698250 |
| 162/21-22 | 50000 | 50000 |
| 233/21-22 | 363000 | 363000 |

എന്നാൽ പ്രസ്തുത പ്രോജക്ടുകളുടെ വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ഘടക/ഉപഘടക പദ്ധതികളുടെ ചെലവ് പട്ടിക, Special Plan Wise Expenditure Statement എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

5. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.2.1(4) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനമാണ് ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും, ബത്തയും നൽകൽ പദ്ധതി. ബജറ്റ് അനുബന്ധം 2 പട്ടിക 9 (അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 1139750/- രൂപയാണ് പ്രസ്തുത പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുക. എന്നാൽ പ്രസ്തുത മേഖലയ്ക്ക് 1139750/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ചെലവ് ചെയ്തിട്ടില്ല (ചെലവ് തുക 1111250/-രൂപയാണ്).

6. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.2.1(5) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനമാണ് പി.എം.എ.വൈ അധിക വിഹിതം നൽകൽ പദ്ധതി. ബജറ്റ് അനുബന്ധം 2 പട്ടിക 9 (അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 280000/- രൂപയും എസ്.സി.പി ഫണ്ടിൽ നിന്നും 770000/- രൂപയുമാണ് പ്രസ്തുത പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുകകൾ. എന്നാൽ പ്രസ്തുത മേഖലയിൽ മേൽ തുകകൾ വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് നടത്തിയിട്ടില്ല.

7. B-4 Schedule പ്രകാരമുള്ള തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ്സ് കോഡ് | ഇനം | B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320100121 | CSS-ICDS | 2992656 |
| 2 | 320300199 | CSS-Grants,Funds & Contributions For Specific Purposes-Central Government | 1000000 |
| 3 | 320200111 | Development Fund-CFC Grant Tied | 851633 |
| 4 | 320200112 | Development Fund-CFC Grant Untied | 990929 |
| 5 | 320200322 | Grants From Suchitwa Mission | 1388310 |
| 6 | 320300199 | Grants,Funds & Contributions For Specific Purposes-Other Government Agencies | 3458 |

| | | | |
|---|---|---|---|
| 7 | 320700102 | Contributions For Joint Venture Projects For Capital Expenditure- From Municipal Corporations | 1200000 |
| 8 | 320700104 | Contributions For Joint Venture Projects For Capital Expenditure- From Block Panchayats | 56270 |
| 9 | 320700204 | Contributions For Joint Venture Projects For Revenue Expenditure- From Block Panchayats | 1081532 |
| 10 | 320700205 | Contributions For Joint Venture Projects For Revenue Expenditure- From District Panchayats | 196000 |
| 11 | 320900101 | Nirmal Puraskar | 217231 |
| 12 | 350200301 | Recoveries Payable -Covid | 121695 |

ക്രമ നം 7, 8, 10, 11 എന്നീ ഹെഡുകളിലെ നീക്കിയിരിപ്പ് തുകകൾ 2020-21 ലെ നീക്കിയിരിപ്പ് തുകകൾ തന്നെയാണ്.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ തുകകൾ വരവായി ലഭിച്ച വർഷം, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, ഏത് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം -10/29. 09.2022ന് ഇവ ഏത് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത് എന്ന വിവരം മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിനും ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. 31.03.2022ലെ നീക്കിയിരിപ്പ് 217363/- രൂപയാണ്.

9. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം (104593/-) ഏതിനത്തിലുള്ളതാണെന്നും പ്രോജക്ട് നം. വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 10/29 .09.22ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിനു ശേഷമുള്ള പരാമർശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

1) ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും

പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃ സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും മേൽ പ്രവർത്തനങ്ങൾ നടന്നത് സംബന്ധിച്ച് മിനിട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.

2) വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 01.02.21 17.02.21എന്നീ തീയതികളിലായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്.

പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്റ്റ് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3) വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന ചുവടെ ചേർക്കുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം(സ്വീകരിച്ച നടപടി - ഓഡിറ്റ് എൻക്വയറി നമ്പർ 22/30.09.22 ന്റെ മറുപടി) |
|---|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും | 01.02.21 | 1.ജാഗ്രതാസമിതി പ്രവർത്തനം ഊർജ്ജിതമാക്കണം(ഭരണസമിതിയിൽ വിഷയം അവതരിപ്പിച്ച് ക്ഷേമകാര്യ കമ്മറ്റിക്ക് നിർദ്ദേശം നൽകുന്നതാണ്)<br>2.ഹരിമകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം |
| 2 | വനിതാവികസനം | 01.02.21 | 1.ജാഗ്രതാസമിതി ശാക്തീകരണം |
| 3 | മൃഗസംരക്ഷണവും, ക്ഷീരവികസനവും | 01.02.21 | തെരുവ്നായകളുടെ വന്ധ്യംകരണം ഊർജ്ജിതപ്പെടുത്തുന്നതിന് സത്വര നടപടി സ്വീകരിക്കണം |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | 17.02.21 | ക്ഷീരവികസന സമുച്ചയത്തിൽ പണിതിട്ടുള്ള കടകൾ ലേലത്തിന് കൊടുക്കുന്ന പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുക |
| 5 | വിദ്യാഭ്യാസം | 01.02.21 | കുട്ടികൾക്ക് നീന്തൽ പരിശീലനത്തിനായി കുളം കണ്ടെത്തി പരിശീലനം നൽകണം. |
| 6 | കുടിവെള്ളം ശുചിത്വം | 17.02.21 | പഞ്ചായത്ത് പരിധിയിലുള്ള ഓരോ തോടുകളും കുളങ്ങളും വൃത്തിയാക്കി മാലിന്യമുക്തമാക്കണം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 22/30 .09.22ന് മേൽ പട്ടികയിലെ ക്രമ നം 1 ന് മാത്രമാണ്

മറുപടി ലഭ്യമാക്കിയത്.

4) സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| 1 | വനിതാവികസനം | അതീവഗുരുതരം | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, ജാഗ്രതസമിതിയുടെ അഭാവം |
| 2 | സാമൂഹ്യനീതി | അതീവഗുരുതരം | 19 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ലായ്മ |
| 3 | മൃഗസംരക്ഷണവും, ക്ഷീരവികസനവും | ഗുരുതരം | തെരുവ് നായശല്ല്യം |
| 4 | കുടിവെള്ളം | ഗുരുതരം | മഴവെള്ളസംഭരണം |

5) സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരംആകെ അടങ്കൽ തുക 101279060/- രൂപയും ചെലവ് 70503517/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 70% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗംജനറൽ | ഉല്പാദനം | 9026269 | 5803290 | 64% |
| | സേവനം | 48029809 | 32765790 | 68% |
| | പശ്ചാത്തലം | 36634073 | 27166590 | 74% |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 7451642 | 4630580 | 62% |
| | പശ്ചാത്തലം | 0 | 0 | 0 |
| പട്ടിക വർഗ്ഗ വിഭാഗം | സേവനം | 137267 | 137267 | 100% |

## 1-5 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2800 | 2 |
| കർഷക തൊഴിലാളി പെൻഷൻ | 4000400 | 279 |
| വിധവാ പെൻഷൻ | 21484300 | 2833 |
| വാർധക്യകാല പെൻഷൻ | 39830900 | 390 |
| വികലാംഗ പെൻഷൻ | 5831700 | 16 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 0 | 0 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 222400 | 1429 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- അപാകതകൾ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 വർഷത്തെ മരണ റിപ്പോർട്ടുകളിൽ ലഭ്യമായ ആധാർ നമ്പറുകൾ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | സേവനയിൽ നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് | അധികം നൽകിയ തുക (രൂപയിൽ) |
|---|---|---|---|---|---|---|---|
| 1 | സാവിത്രിഅമ്മ | 102810202123 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 27.03.21 | 04/21-08/22 | 10200 |
| 2 | കൃഷ്ണമ്മ | 102810600773 | വിധവ പെൻഷൻ | ആക്ടീവ് | 31.03.21 | 04/21-08/22 | 10200 |
| 3 | സുധാകരൻ നായർ | 102810200559 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 18.04.21 | 05/21-05/22 | 20800 |
| 4 | കൃഷ്ണമ്മ.സി | 102810600773 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 19.04.21 | 05/21-08/22 | 9600 |
| 5 | ഭാസ്കരൻ നാടാർ.എൻ | 102810100066 | „ | ആക്ടീവ് | 14.05.21 | 06/21-08/22 | 24000 |
| 6 | രാജഗോപാൽ.എ | 102810201919 | „ | ആക്ടീവ് | 12.05.21 | 06/21-08/22 | 24000 |
| 7 | രത്നമ്മ.സി | 102810100374 | „ | ആക്ടീവ് | 29.05.21 | 06/21-08/22 | 24000 |
| 8 | ഓമനയമ്മ.ആർ | 102810200806 | „ | ആക്ടീവ് | 15.06.21 | 07/21-08/22 | 22400 |
| 9 | ശ്യാമള.എസ് | 102810600205 | „ | ആക്ടീവ് | 16.06.21 | 07/21-08/22 | 22400 |
| 10 | ജനാർദനനൻ നായർ | 102810200805 | „ | ആക്ടീവ് | 12.07.21 | 8/21-8/22 | 20800 |
| | | | | | | ആകെ | 188400 |

ഓഡിറ്റിന് ഹാജരാക്കിയതും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമായതുമായ മരണറിപ്പോർട്ടുകളിലെ രജിസ്റ്റർ നം.55/21 മുതൽ 120/21 വരെ (തീയതി 12.04.2021 മുതൽ 23.07.2021 വരെ) മാത്രം സേവന ഡാറ്റാബെയ്സിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നുമാണ് മേൽ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. മേൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങളും ഇല്ലെങ്കിൽ ആയതിനുള്ള മതിയായ വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 06.10.2022 ലെ ഓഡിറ്റ് എൻക്വയറി നം.45 /2021-22 ന് മറുപടി ലഭ്യമായിട്ടില്ല.

ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സർക്കാർ നിർദ്ദേശം നിലനിൽക്കെയാണ് മരണപ്പെട്ടവർക്ക് തെറ്റായി പെൻഷൻ അനുവദിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ജാഗ്രതക്കുറവുകാരണമാണ് മേൽ അപാകതയുണ്ടായിരിക്കുന്നതെന്നതിനാൽ അനർഹമായി/ അധികമായി അനുവദിക്കപ്പെട്ട മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ കേസുകളും കണ്ടെത്തേണ്ടതും അധികമായി നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9346 | 658020 | 667366 | 667366 | - |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 41418925 | 41418925 | 41418925 | 0 |
| ആകെ | 9346 | 42076945 | 42086291 | 42086291 | - |

## 1-7 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാണ്. ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടി രജിസ്റ്റർ, ഇൻവേഡ് രജിസ്റ്റർ, സ്റ്റാഫ് മീറ്റിംഗ് മിനിട്സ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്. 2021-22 കാലയളവിൽ 8703 അപേക്ഷകൾ ഫ്രണ്ട് ഓഫീസ് വഴി ലഭിച്ചിട്ടുണ്ട്. 8615 ഫയലുകളും തീർപ്പാക്കിയിട്ടുണ്ട്. എല്ലാ അപേക്ഷകളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏപ്രിൽ മുതൽ ILGMS വഴിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. വിവരവകാശ നിയമപ്രകാരമുള്ള നോട്ടീസ്, പൗരാവകാശരേഖയുടെ രത്നചുരുക്കം എന്നിവ പഞ്ചായത്തിന് മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ടോക്കൺ സംവിധാനം നിലവിലുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ കാലാവധി 03/22 ൽ കഴിഞ്ഞതിനാൽ പുതുക്കിയ സർട്ടിഫിക്കേഷനവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പൗരാവകാശരേഖ 2021 ലാണ് അവസാനമായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. പഞ്ചായത്തിലെത്തുന്ന പൊതുജനങ്ങൾക്കായി കുടിവെള്ളം, ടോയ് ലെറ്റ് സംവിധാനം, ഫീഡിംഗ് റൂം സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ടെങ്കിലും സ്ഥലപരിമിതി വലിയ ഒരു പോരായ്മയായി തുടരുന്നു. തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. മരണപ്പെട്ട പെൻഷൻകാർക്ക് ഇപ്പോഴും പെൻഷൻ നല്കുന്നുണ്ട്. ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നു. കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല.

മേൽ വിഷയങ്ങൾ പരിശോധിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ്-പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.10.2022, 02.15 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5990/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.3.2022 | 2020-2021 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.2020 To 03.07.2020 | 2015-16 - 2019-20 | 27.08.2020 |

## 1-10 ലേസർ പ്രിന്റർ നാളിതുവരെ ലഭിച്ചിട്ടില്ല - 51812/- രൂപ തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ ഓഫീസ് ആവശ്യത്തിന് കമ്പ്യൂട്ടർ, ലാപ്പ്ടോപ്പ്, പ്രിന്റർ വാങ്ങൽ പ്രോജക്ടിൽ (So 156/22) ഉൾപ്പെട്ട 4- പ്രിന്ററുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. 24.01.2022 ന് 4-പ്രിന്ററിന്റെ വിലയായ 51812/- രൂപ ധനകാര്യകമ്മിഷൻ അവാർഡ് ഗ്രാന്റിൽ നിന്ന്(വൗച്ചർ നമ്പർ 220001098/24.01.22) ന് കെൽട്രോണിന് കൈമാറിയെങ്കിലും നാളിതുവരെ പ്രിന്റർ ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് 1 ന് മറുപടിയായി ഒക്ടോബർ 31 നകം പ്രിന്റർ ലഭ്യമായില്ലെങ്കിൽ ആയത് ഭരണസമിതിയെ അറിയിച്ച് സപ്ളൈ ഓർഡർ ക്യാൻസൽ ചെയ്ത് തുക റീഫണ്ട് ചെയ്യുന്നതിന് കത്ത് നല്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 തെരുവ് വിളക്ക് പരിപാലനം- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./പേര് | തെരുവു വിളക്ക് പരിപാലനം-അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (251/21-22) |

| | |
|---|---|
| അടങ്കൽ | 4,90,000/- |
| ചെലവ് | 4,89,669/- |
| ഫണ്ട് | സി.എഫ്.സി. |
| ബിൽ നമ്പർ | 37/21.03.22 |

2021-22 സെക്രട്ടറി നിർവഹണം നടത്തിയ തെരുവ് വിളക്ക് പരിപാലനം പ്രോജക്റ്റിന്റെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആദായനികുതിയിനത്തിലെ ടി.ഡി.എസ് ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല (ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194 സി). വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ തുക | ബിൽ പ്രകാരം കരാറുകാരന് ലഭ്യമായ തുക | ടി.ഡി.എസ്. ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന തുക (2%) | കുറവ് ചെയ്ത തുക | കരാറുകാരൻ | ചെക്ക് നം./ തീയതി |
|---|---|---|---|---|---|
| 4,89,669 | 4,89,669 | 9733/- | - | സുരേഷ് .റ്റി | ബിൽനമ്പർ- 37/21.3.22 |
| | ആകെ | 9733/- | | | |

9733/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2) സൂപ്പർ വിഷൻ ചാർജ് ഉൾപ്പെടാതെ പ്രോജക്റ്റ് നിർവഹണം നടത്തിയതായി കാണുന്നു. കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെ തെരുവുവിളക്ക് മാറ്റി സ്ഥാപിച്ചതിന്റെ കൃത്യത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

3) പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ കേടായ സാധനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

സർക്കുലറിൽ നിർദേശിച്ചിട്ടുള്ള മാദണ്ഡങ്ങൾ പാലിക്കാതെയാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗും നടത്തുന്നില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011-ലെ 3055/ഡി.എ.3 /2011, 29.05.2018 ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ( ഓഡിറ്റ് എൻക്വയറി നം 1/27.09.22).

അപാകതകൾക്ക് വിശദമായി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി - മേഖലാ ഭൂപടം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നം. 07/2021-22).

## 1-13 തൊഴിൽ നികുതി പിരിവ്-അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. 2021-22 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

(1) തൊഴിൽനികുതി/സ്ഥാപനതൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 2021-22 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവയിലെ വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി/ സ്ഥാപന തൊഴിൽ നികുതിഒടുക്കുവരുത്തിയിട്ടില്ലെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | വിമൺ കോപ്പറേറ്റീവ് സൊസൈറ്റി, വിഴവൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 2 | വിളവൂർക്കൽ സർവ്വീസ് കോപ്പറേറ്റീവ് സൊസൈറ്റി, ചൂഴാറ്റുകോട്ട | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 3 | തിരു. അഗ്രി ഇംപ്രൂവ്മെന്റ് സൊസൈറ്റി | രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 4 | മാക്സ് വാല്യൂ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് | രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി /സ്ഥാപന തൊഴിൽ നികുതിഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 5 | ഡിവൈൻ ആയുർവേദിക്ക് ഹോസ്പിറ്റൽ, പിടാരം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 6 | മാവേലി സ്റ്റോർ, വാലിയോട്ടുകോണം | ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 7 | സെന്റ് സേവ്യേഴ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പേയാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 8 | സെന്റ് മേരീസ് സെൻട്രൽ സ്കൂൾ പൊറ്റയിൽ | രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 9 | ബി.കെ ഓഡിറ്റോറിയം പെരുകാവ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 10 | രാജദീപം ഓഡിറ്റോറിയം പൊറ്റയിൽ | ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 11 | ശ്രുതിലയം ഓഡിറ്റോറിയം ചൂഴാറ്റുകോട്ട | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 12 | കല്ലുവരമ്പിൽ ഹോംസ് പ്രൈ. ലിമിറ്റഡ്, പാറവിള | രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |

തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(2) റേഷൻ ഡീലർമാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ,കരാറുകാരിൽ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

റേഷൻ ഡീലർമാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, കരാറുകാർ എന്നിവർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണെങ്കിലും മേൽ വിഭാഗത്തിൽപ്പെട്ടവരൊന്നും തന്നെ തൊഴിൽ നികുതി ഒടുക്കുന്നില്ല എന്നത് നികുതി ചുമത്തൽ-പിരിവ് എന്നിവയിൽ സംഭവിച്ച ഗുരുതരമായ ഒരു അപാകതയായി ഓഡിറ്റ് കാണുന്നു. മേൽ വിഭാഗത്തിൽപ്പെട്ടവരെല്ലാം ഉൾപ്പെടുന്ന വിധത്തിൽ ഡിമാന്റ് ലിസ്റ്റ് വിപുലീകരിക്കേണ്ടതും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് പുറമേ KSEB, KWA, IRRIGATION, KSEB, KWA, BSNL തുടങ്ങിയ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരുടെ സഹിതം വിവരങ്ങൾ തൊഴിലുടമകളിൽ നിന്നും ശേഖരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 05/2021-22 തീയതി 27.09.2022).

## 1-14 ലൈസൻസ് എടുക്കാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-നിയമവിരുദ്ധം

FTEAOS ലൈസൻസ് ഫീ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2021-22 വർഷത്തേക്ക് ലൈസൻസിന് അപേക്ഷിച്ച സ്ഥാപനങ്ങൾ തുടർന്ന് ലൈസൻസ് എടുക്കാതെ തന്നെ പ്രവർത്തിച്ചതായി കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷ നം. | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | വ്യാപാര സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| 1. | 2696/21 | 4/188D | ശ്രീ.രാമസ്വാമി ആചാരി | വി.വി. മെഡിക്കൽസ് |
| 2. | 2823/21 | 5/95 | ശ്രീ.ഷാഹുൽ ഖാൻ | ഫിറ്റ്നസ് മെൻസ് വെയർ |
| 3. | 2847/21 | 5/744,745 | ശ്രീ.രാജേന്ദ്രൻ നായർ | രമ്യ പ്രൊവിഷൻസ്റ്റോർ |
| 4. | 2999/21 | 2/131 B | ശ്രീമതി ഐശ്വര്യ ഉണ്ണി | ഐശ്വര്യ ഫാൻസി |
| 5. | 3135/21 | 5/91 | ശ്രീ.സുജീവ്.എസ് | TEL Mobiles |
| 6. | 3590/21 | 12/519A | ശ്രീ.സനൽ കുമാർ.കെ | എസ്.കെ.ടൈൽസ് |
| 7. | 3609/21 | 14/131 | ശ്രീ.സജോഷ് കുമാർ .എസ് | Bliss Digital Service |
| 8. | 3627/21 | 1/6551B | ശ്രീ. ശേഖര പിള്ള | എസ്.പി. മാർജിൻ ഫ്രീ മാർക്കറ്റ് |

മേൽ സ്ഥാപനങ്ങളുടെ നിലവിലെ പ്രവർത്തന സ്ഥിതി സംബന്ധിച്ച് നൽകിയ 27.09.2022 ലെ 06/2021-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. 1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും വ്യാപാരങ്ങൾക്കോ സംരംഭക പ്രവർത്തനങ്ങൾക്കോ മറ്റ് സേവനങ്ങൾക്കോ ഉപയോഗിക്കാൻ പാടില്ലാത്തതാകയാൽ മേൽ സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിച്ചിട്ടുള്ളത്. 2021-22-ൽ നിയമവിരുദ്ധമായി പ്രവർത്തിച്ച മേൽ സ്ഥാപനങ്ങൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ടെലിക്കമ്മ്യൂണിക്കേഷൻ ടവ്വർ പെർമിറ്റ്-ളുണ് ഘടനക്കുള്ള അധികതുക ഈടാക്കിയിട്ടില്ല

2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടങ്ങളിലെ ചട്ടം 87(6) പ്രകാരം ടെലിക്കമ്മ്യൂണിക്കേഷൻ ടവ്വർ പെർമിറ്റിനുള്ള അപേക്ഷാ ഫീസ് 1000/- രൂപയും പെർമിറ്റ് ഫീ ടവറിന് 10000/- രൂപയും ളുണ് ഘടന യൂണിറ്റ് ഒന്നിന് 2500/- രൂപയും ആണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2021-22 ൽ പെർമിറ്റ് അനുവദിച്ച M/s Sumit Digital Infrastructure (പെർമിറ്റ് നം.എ1-എ.ബി എ (248047) തീയതി. 06.10.2021) എന്നവരിൽ നിന്നും ടെലിക്കമ്മ്യൂണിക്കേഷൻ ടവ്വറിൽ ഉൾപ്പെട്ട ഒരു യൂണിറ്റ് ളുണ് ഘടനക്കുള്ള അധികതുകയായ 2500/- രൂപ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 30.09.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/2021-22 നുള്ള മറുപടിയിൽ കുറവു വന്ന തുക ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

2021-22 -ൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവ്വർ പെർമിറ്റ് അനുവദിച്ചയിനത്തിൽ കുറവുവന്ന തുക ഈടാക്കുന്നതോടൊപ്പം മുൻ വർഷങ്ങളിലെ പെർമിറ്റ് ഫയലുകൾ പരിശോധിച്ച് ഓരോ കേസുകളിലും ളുണ് ഘടന യൂണിറ്റ് ഒന്നിന് 2500/- രൂപ വീതം (ഈടാക്കിയിട്ടില്ലാത്ത പക്ഷം) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 01/22 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം |
| അടങ്കൽ തുക | 500000 |
| ചെലവ് തുക | 500000 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ബിൽ നം./തീയതി | 01/21-22 – 23.12.21 |

പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 5 ലക്ഷം രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 വെള്ളക്കരം അടവാക്കൽ-അപാകതകൾ പരിഹരിക്കേണ്ടതാണ്.

കേരള വാട്ടർ അതോറിട്ടിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 238 വാട്ടർ ടാപ്പുകൾക്കാണ് പ്രതിമാസം വെള്ളക്കരം കണക്കാക്കിയിട്ടുള്ളത്. സ.ഉ (ആർ.റ്റി) 2242/2011/ത.സ്വ.ഭ.വ തീയതി: 28.09.2011 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിട്ടിയുമായി ചേർന്ന് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. സംയുക്ത പരിശോധനയിൽ നിലവിൽ പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം കണ്ടെത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം ഒടുക്കേണ്ടത്. ഇപ്രകാരം സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം, പൊതു ടാപ്പുകളുടെ രജിസ്റ്റർ തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ പൊതു ടാപ്പുകളെ സംബന്ധിച്ച കൃത്യമായ കണക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലെന്നു വ്യക്തമാകുന്നു. പ്രതിമാസം 109341/- രൂപ നിരക്കിൽ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നു. എന്നാൽ ചില മാസങ്ങളിൽ തൻമാസം അടച്ച തുക കുറവ് ചെയ്യാതെ ഡിമാൻറ് കണക്കാക്കിയതായി കാണുന്നു. ജനവരി മാസത്തെ മുന്നിരിപ്പിൽ നിന്നും തൻമാസം 109341/- രൂപ അടച്ചത് കുറവ് ചെയ്യാതെയാണ് അടുത്ത മാസത്തെ ഡിമാന്റ് കണക്കാക്കിയത്.

ഇദു സംബന്ധിച്ച് 27.09.2022 തീയതിയിൽ 3 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അടവാക്കുന്ന തുക അതാത് മാസത്തെ ആകെ ഡിമാന്റിൽ നിന്നും കുറവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പ്രസ്താവിച്ച രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-18 രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ- സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നം. | So 224/21 |
| പ്രോജക്ടിന്റെ പേര് | രോഗം ബാധിച്ച തെങ്ങ് മുറിച്ച് മാറ്റി പകരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ |
| അടങ്കൽ (വികസനഫണ്ട്) | 12750/- |
| ഗുണ.വിഹിതം | 4250/- |
| ചെലവ് | 12750/- |
| ബിൽ നം | 7/22.10.21 |

മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽ കവിയാതെയാണ് നല്കാവുന്നത്. എന്നാൽ മേൽ പദ്ധതിയിൽ 200/- രൂപ വിലയുള്ള തെങ്ങിൻ തൈ സബ്സിഡി 60/- രൂപയിൽ ലിമിറ്റ് ചെയ്ത് നല്കുന്നതിന് പകരം 150/- രൂപ വീതം നല്കിയിരിക്കുന്നു. 50/- രൂപയാണ് ഗുണ.വിഹിതം സബ്സിഡി അധികം നല്കിയതിന്റെ വിവരവും മേൽ പദ്ധതി നടത്തിപ്പിലെ അപാകതകളും ചുവടെ ചേർക്കുന്നു.

2020-21 ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)22/18 ത.സ്വ.ഭ.വ തീയതി.14-2-18) ഖ. 6.1.5 പ്രകാരം പൊതുവായുള്ള തെങ്ങിൻതൈ വിതരണത്തിന് 75% സബ്സിഡി നല്കാവുന്നതാണ്. എന്നാൽ ഖ 6.1.12 പ്രകാരമുള്ള കേട് വന്ന തെങ്ങുകൾ മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വയ്ക്കൽ എന്ന പദ്ധതിയിലെ തെങ്ങിൻ തൈ വിതരണത്തിനും മറ്റാനുകൂല്യങ്ങൾക്കും കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കും നിബന്ധനകളും പാലിക്കണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ 12-11-20 ലെ TB(1)13192/19 സർക്കുലറിലെ ഖ.f പ്രകാരം

മുറിച്ചുമാറ്റിയ തെങ്ങിന് പകരം നല്കുന്ന തെങ്ങിൻ തൈകൾക്ക് വിലയുടെ 50% സബ്സിഡി പരമാവധി 60/- രൂപയിൽ കവിയാതെയും തെങ്ങ് മുറിച്ചു മാറ്റുന്നതിന് 1000/- രൂപ നിരക്കിലുമാണ് ധനസഹായം നല്കാവുന്നത്. മേൽ പദ്ധതി വഴി രോഗം ബാധിച്ച തെങ്ങ് മുറിച്ചുമാറ്റിയവർക്ക് 200/- രൂപ നിരക്കിൽ 85 തെങ്ങിൻ തൈകൾ KAICO യിൽ നിന്നും 17000/- രൂപയ്ക്ക് (വികസനഫണ്ട് 12750/- ഗു.വി 4250/-) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു തെങ്ങിൻ തൈയ്ക്ക് 140/- രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിന് പകരം 50/- രൂപ നിരക്കിൽ 85 ഗുണഭോക്താക്കളിൽ നിന്നും 4250/- രൂപ മാത്രമാണ് പഞ്ചായത്ത് രസീത് മുഖേന കളക്റ്റ് ചെയ്തിട്ടുള്ളത്. ഒരു തെങ്ങിൻ തൈയ്ക്ക് 90/- രൂപ വീതം അധികം സബ്സിഡി നല്കിയത് മൂലം വികസനഫണ്ടിൽ നിന്നും 7650/- (90*85) അധിക ചെലവുണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവ്, മാർഗരേഖ എന്നിവ കൃത്യമായി പാലിച്ച് പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്.

## 1-19 കന്നുകുട്ടി പരിപാലനം പദ്ധതി- രേഖകളുടെ അഭാവത്തിൽ 425000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി,നം | കന്നുകുട്ടി പരിപാലനം -33/22 |
| അടങ്കൽ തുക | 425000, വികസന ഫണ്ട്<br>425000- ഗുണഭോക്തൃവിഹിതം<br>ആകെ-850000 |
| ബിൽ നം. | 227/21-22, 18.12.21 |
| ചെലവ് തുക | 425000/- |

4-6 മാസം പ്രായമുള്ള കന്നുകുട്ടികളെ ഇൻഷ്വർ ചെയ്ത് സബ്സിഡി തീരുന്നതുവരെ തീറ്റ നൽകുന്നതിനും അതോടൊപ്പം അവയുടെ ആരോഗ്യം മൂന്നു മാസത്തിലൊരിക്കൽ വെറ്ററിനറി സർജൻ വിലയിരുത്തുന്നതിനുമായി വിഭാവനം ചെയ്തതാണ് മേൽ പദ്ധതി. പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കന്നുകുട്ടികളുടെ ഇൻഷ്വറൻസിന്റെ പകർപ്പ്, ആരോഗ്യം മൂന്നു മാസത്തിലൊരിക്കൽ വെറ്ററിനറി സർജൻ വിലയിരുത്തിയതിന്റെ റിപ്പോർട്ട്, ക്ഷീര സഹകരണസംഘങ്ങൾ മുഖാന്തിരം ഗുണഭോക്താക്കൾക്ക് വേണ്ട കാലിതീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

2. മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് 425000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം മുതൽ 2021-22 വരെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി ചെലവാക്കിയ തുകയുടെ വിനിയോഗവിവരങ്ങൾ വിനിയോഗസാക്ഷ്യപത്രം സഹിതം ലഭ്യമാക്കിയിട്ടില്ല.

4. സ.ഉ(കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 13.1 പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ്സമിതിയായി രൂപപ്പെട്ട് പദ്ധതികളുടെ മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. പദ്ധതിയുടെ മോണിറ്ററിംങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 31/01 .10.22ന് മേൽ പദ്ധതിയ്ക്കായി എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് തുക കൈമാറുക മാത്രമാണ് വെറ്ററിനറി സർജൻ ചെയ്യുന്നതെന്നും മറ്റ് നടപടികൾ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിലെ നേമം സർക്കിൾ വെറ്ററിനറി സർജനാണ് നിർവ്വഹിക്കുന്നതെന്നും ഓഡിറ്റ് എൻക്വയറി നേമം സർക്കിൾ വെറ്ററിനറി സർജന് കൈമാറിയിട്ടുണ്ടെന്നും വിവരം ലഭ്യമായാലുടൻ വിവരങ്ങൾ സമർപ്പിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

മേൽ രേഖകളുടെ അഭാവത്തിൽ 425000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കുമ്പോൾ തടസ്സം ഒഴിവാക്കുന്നതാണ്.

## 1-20 ആട് വളർത്തൽ, പശുവളർത്തൽ പദ്ധതികൾ - അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് നിർവഹണം

| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |
|---|---|---|
| | ക്രമ നം. 1 | ക്രമ നം. 2 |

| | | |
|---|---|---|
| പദ്ധതി, നം. | ആട് വളർത്തൽ (വനിത)-SO049/22 | പശുവളർത്തൽ പദ്ധതി (വനിത) -36/22 |
| അടങ്കൽ തുക | 272000, വികസന ഫണ്ട്<br>272000- ഗുണഭോക്തൃവിഹിതം<br>ആകെ-544000 | 467500, വികസന ഫണ്ട്<br>467500- ഗുണഭോക്തൃവിഹിതം<br>ആകെ-935000 |
| ചെലവ് തുക | 272000 | 467500 |

1. ക്രമ നം. 1 പ്രകാരം 8000/- രൂപ വീതം വിലയുള്ള 2 പെണ്ണാടിനെ വാങ്ങാൻ ഓരോ ഗുണഭോക്താവും 8000/- രൂപ ഗുണഭോക്തൃവിഹിതം നേരിട്ട് വിൽക്കുന്ന വ്യക്തിയ്ക്ക് നൽകുന്നു. പഞ്ചായത്ത് തല പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങി നൽകുന്നു. ഗുണഭോക്തൃവിഹിതവും സബ്സിഡി തുകയായ 8000/- രൂപയും ആകെ 16000/- രൂപ ആടിന് വിലയായി അതിനെ വിൽക്കുന്ന വ്യക്തിക്ക് നൽകുന്നു. ഇപ്രകാരം 34 ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനായാണ് ആട് വളർത്തൽ (വനിത)-SO049/22പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

2. ക്രമ നം. 2 പ്രകാരം 17 ഗുണഭോക്താക്കൾക്ക് 50% സബ്സിഡിയിൽ 55000/- രൂപ വിലയുമുള്ള ഒരു കറവപശുവിനെ വിതരണം ചെയ്യുന്നതായി വിഭാവനം ചെയ്തതാണ് പശുവളർത്തൽ പദ്ധതി

സബ്സിഡി മാർഗരേഖ സ.ഉ (കൈ) നം.22/2018 /ത.സ്വ.വ തീ.14/2/2018 ഖ.6.2 കുറിപ്പ് 3 ൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് മൃഗങ്ങളെ നേരിട്ട് വാങ്ങാമെന്നും, പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ക്രമ നം 1, 2 പദ്ധതികൾക്കായി യഥാക്രമം 68 ആടുകളെയും (34 ഗുണഭോക്താക്കൾ 2 ആടുകളെ വീതം), 17 പശുക്കളെയും ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുകയാണ് ചെയ്തിട്ടുള്ളത് എന്നാണ് ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചപ്പോൾ ഇവയെ വാങ്ങുന്നത് സംബന്ധിച്ച തീരുമാനങ്ങൾ ഒന്നും തന്നെയില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35/01.10.22, ആട് വളർത്തൽ (വനിത)-SO049/22ക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ലാത്തതിനാലാണ് ഇത്തരത്തിൽ വാങ്ങൽ നടത്തിയതെന്നും ഇനിയുള്ള വാങ്ങലുകൾ പ്രസ്തുത കമ്മറ്റിയുടെ തീരുമാനത്തിനു വിധേയമായി മാത്രമേ നടപ്പാക്കുകയുള്ളൂവെന്നാണ് മറുപടി ലഭ്യമാക്കിയത്.

പദ്ധതി നിർവഹണം പദ്ധതി നിർദ്ദേശ പ്രകാരം നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2 ആട് വളർത്തൽ (വനിത)-SO049/22 പദ്ധതി സംബന്ധിച്ച് മറ്റ് അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I. പദ്ധതി പ്രകാരം 272000/- രൂപ ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്തിട്ടുണ്ടെങ്കിലും സുലേഖ ചെലവ് പത്രികയിൽ 272000-/-രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

Ii. ടി പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-21 റോഡ് പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്) നമ്പർ 72/2017/ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്റ്റിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് തൻവർഷം ധാരാളം റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്. നിർവഹണം നടത്തിയ റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയാണോ ഏറ്റെടുത്തിരിക്കുന്നത് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/2022 തീയതി : 30.09.2022) ലഭ്യമാക്കിയ മറുപടിയിലൂടെ കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

സർക്കാർ ഉത്തരവ് (കൈ) നം.11/2018 ത.സ്വ.ഭ.വ തീയതി.29.01.2018 ഖണ്ഡിക 7.13 പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്തോ ഈ സാമ്പത്തിക വർഷത്തിലോ ഇത്തരം പദ്ധതി സ്ഥാപനം ഏറ്റെടുത്തിട്ടില്ല. റോഡ് നിർമ്മാണ പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിച്ച് നിർവഹണം നടത്തേണ്ടതാണ്.

## 1-22 സ്പിൽ ഓവർപ്രോജക്ടുകൾ പൂർത്തീകരിക്കുന്നില്ല. പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണതയുണ്ടാകുന്നു

ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു. ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ. തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചുവടെ പറയുന്ന പദ്ധതികൾ തൻ വർഷം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | പദ്ധതി നം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 248 | ടേക്ക് എ ബ്രേക്ക് ടോയ് ലറ്റ് നിർമ്മാണം | 1410000 |
| 2 | 212 | വഴത്തോട്ടവിള കുളം റോഡ് പാർശ്വഭിത്തി നിർമ്മാണം | 51964 |
| 3 | 238 | എം.സി.എഫ്.കെട്ടിട നിർമ്മാണം. | 1448579 |
| 4 | 249 | എൽ.എസ്.ജി.ഡി.ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | 49500 |
| 5 | 243 | ജ്ഞാനപ്രകാശം റോഡ് ഉൗറവൂർ കുളം ഓട നിർമ്മാണം | 280000 |

ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ പദ്ധതി നം. 248, 212, 238, 243 എന്നിവ നാട്ടുകാരുടെ എതിർപ്പുമൂലം ഉപേക്ഷിക്കേണ്ടതായി വന്നുവെന്ന് മറുപടി ലഭ്യമാക്കി. പദ്ധതി രൂപീകരണ മാർഗരേഖയിൽ സ്പിൽഓവർ പദ്ധതികളുടെ രൂപീകരണം സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തതിലുള്ള വീഴ്ചയായി ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നു. ഇത്തരം വിഷയങ്ങളിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ പതിയേണ്ടതുണ്ട്.

## 1-23 ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പ്രവൃത്തികൾ-വാറ്റ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുക കുറവ് ചെയ്യാതെ തുക അനുവദിച്ചതിലൂടെ കൺവീനർക്ക് അധിക ആനുകൂല്യം നൽകിയതിലൂടെ അധികച്ചെലവുണ്ടായി - 84904/-രൂപ തടസ്സം ചെയ്യുന്നു

സർക്കാർ ഉത്തരവ് (പി) നം30/2016ധന. തീയതി29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നിർവഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചുകാമെന്നും എന്നാൽ വർക്ക്ബില്ലുകളിൽ നിന്നും ഈടാക്കുന്ന അനുവദനീയമായ നികുതികൾ ഗുണഭോക്തൃസമിതി തന്നെ വഹിക്കണമെന്നും വ്യക്തമാക്കുന്നുണ്ട്.

മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ 7.5% ഓവർഹെഡ് ചാർജ് കൂടെ ഉൾപ്പെട്ട നിരക്കാണ് PRICE Software ൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്. 01.01.2017 മുതൽ VAT പകരം GST വന്നതിനാൽ 5% VAT ഒടുക്കേണ്ടതില്ല. ആയതിനാൽ VAT നിലവിലില്ലാത്ത സാഹചര്യത്തിലും കൺവീനർമാർ ജി.എസ്.റ്റി. ഒടുക്കുവരുത്താത്ത സാഹചര്യത്തിലും 5% തുക കുറവ് ചെയ്ത് ബില്ല് നൽകിയാൽ മതിയാവുന്നതാണെന്നും ഉത്തരവ് നം. ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ. തീയതി 16.03.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർവഹിച്ച ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ലാത്തതിനാൽ കൺവീനർമാർക്ക് അധിക തുക നൽകിയിട്ടുണ്ട്.

1.123-ാം നമ്പർ അംഗനവാടി പൂർത്തീകരണം (പദ്ധതി നം 151/2022).

| | |
|---|---|
| അടങ്കൽ- | 400000/- |
| ചെലവ് | 357038/- |
| ബിൽനം/ചെക്ക് നം | 25.തീയതി.12.11.2021 |
| കൺവീനർ | ശ്രീമതി.ഉഷാദേവി |
| എംബുക്ക് നം | 58/2021-22 |
| പ്രവൃത്തി മൂല്യം | 357038/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%) | 17852/- |

2.142-ാം നമ്പർ അംഗനവാടി ലാടിൻ നിർമ്മാണം (പദ്ധതി നം 183/2022).

| | |
|---|---|
| അടങ്കൽ- | 190220/- |
| ചെലവ് | 186283 |

| | |
|---|---|
| ബിൽനം/ചെക്ക് നം | 502/തീയതി.10.03.2022 |
| കൺവീനർ | ശ്രീമതി.ചന്ദ്രിക |
| എംബുക്ക് നം | 324/2021-22 |
| പ്രവൃത്തി മൂല്യം | 186283 |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%) | 9314/- |

3.141-ാം നമ്പർ അംഗനവാടി ലാടിൻ നിർമ്മാണം (പദ്ധതി നം 170/2022).

| | |
|---|---|
| അടങ്കൽ- | 100000/- |
| ചെലവ് | 81997/- |
| ബിൽനം/ചെക്ക് നം | 592/തീയതി.27.03.2022 |
| കൺവീനർ | ശ്രീമതി.സാന്റിന |
| എംബുക്ക് നം | 249/2021-22 |
| പ്രവൃത്തി മൂല്യം | 81997/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%) | 4100/- |

4.119-ാം നമ്പർ അംഗനവാടി ലാടിൻ അറ്റകുറ്റപ്പണി (പദ്ധതി നം 178/2022).

| | |
|---|---|
| അടങ്കൽ- | 100000/- |
| ചെലവ് | 98013/- |
| ബിൽനം/ചെക്ക് നം | 456/തീയതി.28.02.2022 |
| കൺവീനർ | ശ്രീമതി.സരിതകുമാരി |
| എംബുക്ക് നം | 326/2021-22 |
| പ്രവൃത്തി മൂല്യം | 98013/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%) | 4901/- |

5.137-ാം നമ്പർ അംഗനവാടി ലാടിൻ അറ്റകുറ്റപ്പണി (പദ്ധതി നം 176/2022).

| | |
|---|---|
| അടങ്കൽ- | 100000/- |
| ചെലവ് | 100000/- |
| ബിൽനം/ചെക്ക് നം | 560/22.03.2022 |
| കൺവീനർ | ശ്രീമതി.ഗീത |
| എംബുക്ക് നം | 200/2021-22 |
| പ്രവൃത്തി മൂല്യം | 100000/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%) | 5000/- |

6.129-ാം നമ്പർ അംഗനവാടി അറ്റകുറ്റപ്പണി.(പദ്ധതി നം 187/2022).

| | |
|---|---|
| അടങ്കൽ- | 100000/- |
| ചെലവ് | 99994/- |
| ബിൽനം/ചെക്ക് നം | 625/തീയതി.30.03.2022 |
| കൺവീനർ | ശ്രീമതി.സജിലകുമാരി |
| എംബുക്ക് നം | 482/2021-22 |
| പ്രവൃത്തി മൂല്യം | 99994/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%) | 5000/- |

7.143-ാംനമ്പർ അംഗനവാടി അടിസ്ഥാന സൗകര്യം-(പദ്ധതി നം 155/2022).

| | |
|---|---|
| അടങ്കൽ- | 200000/- |

| | |
|---|---|
| ചെലവ് | 199864/- |
| ബിൽനം/ചെക്ക് നം | 55/തീയതി.14.02.2022 |
| കൺവീനർ | ശ്രീമതി.ലീല |
| എം.ബുക്ക് നം | 79/2021-22 |
| പ്രവൃത്തി മൂല്യം | 199864/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%) | 9993/- |

8.10-ാംനമ്പർ അംഗനവാടി അടിസ്ഥാന സൗകര്യം-(പദ്ധതി നം 245/2022).

| | |
|---|---|
| അടങ്കൽ- | 380000/- |
| ചെലവ് | 379397/- |
| ബിൽനം/ചെക്ക് നം | 59/05.03.2022 |
| കൺവീനർ | ശ്രീമതി.ഉഷാദേവി |
| എംബുക്ക് നം | 332/2021-22 |
| പ്രവൃത്തി മൂല്യം | 379397/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%) | 18970/- |

9.123-ാം നമ്പർ അംഗനവാടി ലാട്രിൻ നിർമ്മാണം (പദ്ധതി നം 175/2022).

| | |
|---|---|
| അടങ്കൽ- | 200000/- |
| ചെലവ് | 195492/- |
| ബിൽനം/ചെക്ക് നം | 457/തീയതി.28.02.2022 |
| കൺവീനർ | ശ്രീമതി.ഉഷാദേവി |
| എംബുക്ക് നം | 325/2021-22 |
| പ്രവൃത്തി മൂല്യം | 195492/- |
| കുറയ്ക്കേണ്ടിയിരുന്ന തുക (5%) | 9775/- |

ഈ അപാകത ശ്രദ്ധയിൽപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണം (നം- 14/ 2022തീയതി: 30.09.2022.) നൽകിയിരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തികളെല്ലാം അങ്കണവാടി ടീച്ചർമാർ കൺവീനർമാരായി നിർവഹിച്ചതാണെന്നും ഡിബി 9058/17സി.ഇ/ത.സ്വ.ഭ.വ. തീയതി 16.03.2018 എന്നത് ചീഫ് എഞ്ചിനീയറുടെ ഉത്തരവല്ലായെന്നും തുക കുറവ് ചെയ്യുന്നത് സംബന്ധിച്ച് യാതൊരു നിർദ്ദേശവും നൽകിയിട്ടില്ലായെന്നും ജി.എസ്.റ്റി. നിലവിൽ വന്ന ഘട്ടത്തിൽ നികുതികൾ സംബന്ധിച്ച് അവ്യക്തതകൾ ഉണ്ടായിരുന്നുവെന്നും മറുപടി നൽകി. 2017-18 സാമ്പത്തിക വർഷത്തിലാണ് ജി.എസ്സ്.റ്റി. നിലവിൽ വരുന്നത്. എന്നാൽ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തികളെല്ലാം തന്നെ 2021-22 സാമ്പത്തിക വർഷം നിർവഹണം നടത്തിയവയാണെന്നും കൺവീനർമാർക്ക് തുക നൽകിയാൽ നിലവിൽ വാറ്റ് ഇനത്തിൽ നികുതി ഒടുക്കുവരുത്തുവാൻ സാധിക്കുകയില്ലായെന്നും മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-21 ൽ പ്രസ്തുത വിഷയം പരാമർശിച്ചതും നിർവഹണണ ഉദ്യാഗസ്ഥന് ബോധ്യമുണ്ടായിരിക്കെ പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയില്ല. അധികം നൽകിയ തുക 84904/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. തുക കൺവീനർമാരിൽ നിന്നും ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത-അധിക തുകയ്ക്ക് സാങ്കേതികാനുമതി വാങ്ങി ചെലവ് ചെയ്തു.

| | |
|---|---|
| പ്രോജക്ട് നം | 287/2022 |
| അടങ്കൽ | 450000/-മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| ചെലവ് | 363736/- |
| ബിൽ നം/ചെക്ക് നം | 66/തീയതി.22.03.2022 |
| കരാറുകാരൻ | വിനോദ്കുമാർ |
| എം ബുക്ക് നം | 405/2021-22 |
| DSR/Cost Index | 2018/35.59% |

ദാമോദർ നഗർ റോഡിൽ ഓടയ്ക്ക് സ്ലാബിടൽ എന്ന ഈ പ്രവൃത്തിയിൽ ഇനം നം 1 ആയി (MoRD 15-6) Maintenance

Of Drain എന്ന ഇനം 255 മീറ്റർ നിർവഹിക്കുവാൻ അനുമതി വാങ്ങിയിരുന്നു. ഇനം നം 2 ആയി 255 മീറ്റർ നീളം ഓട 1 മീറ്റർ വീതിയിൽ M20 Concrete (MoRD 11.4.4) ഉപയോഗിച്ച് സ്ലാബ് നിർമ്മിക്കുവാനും അനുമതി നേടിയിരുന്നു.

വിവരം ചുവടെ ചേർക്കുന്നു.

ഇനം 1. MoRD (15.6) Maintenance Of Drain

1x255=255meter

255meter@7.65/m=1950.75

ഇനം 2. M20 Concrete (11.4.4)

1x255x1.00x0.10=25.500m3

25.500m3@8588.88=219016.44

എന്നാൽ പ്രവൃത്തി നിർവഹിച്ചപ്പോൾ ഇനം നം 1 ആയി 270 മീറ്റർ (9x30) ഓട മെയിന്റനൻസ് നടത്തിയിട്ടുണ്ട്. എന്നാൽ ഇനം നം 2 ആയി 370 മീറ്റർ നീളത്തിൽ കോൺക്രീറ്റ് സ്ലാബ് നിർമ്മിച്ചിട്ടുണ്ട്. (TMT Reinforcement ഉം ഇതേ നീളത്തിൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.) ഇനം നം 2 ആയി പ്രസ്തുത ഓടയ്ക്ക് സ്ലാബ് നിർമ്മിച്ചിരിക്കുന്നത് 370x0.50x1.00x0.10=18.50m3 അളവിലാണ്. ഇത് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്. ഓടയുടെ ഒരു വശം 50 സെ.മി മാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിൽ എസ്റ്റിമേറ്റ് ഇനം നം 2 തയ്യാറാക്കേണ്ടിയിരുന്നത് ചുവടെ പറയും പ്രകാരമായിരുന്നു.

255x1.00x0.50x0.10=12.75m3

ഈയിനത്തിന് എസ്റ്റിമേറ്റ് പ്രകാരം അനുവദിക്കേണ്ടിയിരുന്ന തുക.

12.75m3@8588.88=109508.22

ഇവിടെ 109508.22 രൂപ അധികമായി എസ്റ്റിമേറ്റ് അനുമതി വാങ്ങിയിരിക്കുന്നത് അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.ഇത് നിർവഹണ ഉദ്യോഗസ്ഥന്റെയും സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥന്റെയും ഭാഗത്തുനിന്നുമുള്ള വീഴ്ചയാണ്.

ഈ ഇനത്തിന് പരമാവധി അനുവദിക്കേണ്ടിയിരുന്ന തുക.

25% Exess Of 12.75m3=15.94m3

15.94m3@8588.88=136906.74

എം ബുക്ക് പ്രകാരം നൽകിയ തുക.

18.50m3@8588.88/-m3=158894.28

ആയതിനാൽ ഈയിനത്തിൽ 21988/-രൂപയുടെ (158894-136906) അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 21/2022 തീയതി : 30.09.2022) നൽകിയ മറുപടിയിൽ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സംബന്ധിച്ച് പരാമർശമില്ല. ഈ വിഷയത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ വീഴ്ചകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-25 എസ്റ്റിമേറ്റ് പ്രകാരം അനുമതി വാങ്ങിയതിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടപ്പിലാക്കി.അധികച്ചെലവ്- 26643/-രൂപ.

| | |
|---|---|
| പ്രോജക്ട് നം | 153/2022 |
| അടങ്കൽ | 800000/- |
| ചെലവ് | 799923/- |
| ബിൽ നം/ചെക്ക് നം | 31.തീയതി.23.12.2021 |
| കൺവീനർ | ശ്രീമതി.ചന്ദ്രിക.എസ്സ് |
| എം ബുക്ക് നം | 60/2021-22 |

142 ാം നമ്പർ അംഗനവാടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ എന്ന പ്രവൃത്തിയിൽ ഇനം നം 3 DSR 50-10-1 Steel Work In Built Up GI Tubular (Round,square,or Rectangular Hollow Tubes) എന്ന ഇനം ചുവടെ ചേർക്കും പ്രകാരം ഉപയോഗിക്കുവാൻ അനുമതി വാങ്ങിയിട്ടുണ്ട്.

GI Tubular 75*25 *1.4 Mm (2.14 Kg/meter)

=156.6 Meter @2.14kg/m =335.124kg

=335.124kg@129.13/kg=43274.56/-രൂപ.

എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ എസ്റ്റിമേറ്റ് പ്രകാരം ഉപയോഗിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ള GI Tubular 75*25, 1.4 Mm (2.14 Kg/meter) ഉപയോഗിച്ചിട്ടില്ല. ഇതിന് പകരമായി GI Tubular 80*40,2mm ഉപയോഗിച്ചതായി കാണുന്നു. ആയത് ഉപയോഗിക്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഈ അപാകത ഓഡിറ്റ് അന്വേഷണം - നം 20/2022 തീയതി : 30.09.2022 പ്രകാരം അസി.എഞ്ചിനീയറെ അറിയിച്ചിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ സമയക്കുറവ് കാരണം വിശദമായ Structural Design തയ്യാറാക്കിയിരുന്നില്ലാ എന്നാണ് മറുപടി ലഭ്യമാക്കിയത്.ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി തുക നൽകിയിട്ടുണ്ട്.

ഇനം ഉപയോഗിച്ച് തുക നൽകിയ വിവരം.

GI Tubular 80*40,2mm 137.55 Meter

137.55 Meter@3.64kg/m=500.682kg.

500.682kg@129.13/-kg=64653.06

അനുമതി ലഭിച്ച ഇനം ഉപയോഗിച്ചിരുന്നുവെങ്കിൽ നൽകാമായിരുന്ന തുക.

GI Tubular 75*25 *1.4 Mm (2.14 Kg/meter)

137.55 Meter@2.14kg/m=294.357kg

294.357kg@129.13/kg=38010/-

ഈയിനത്തിൽ 26643/-രൂപ അധികച്ചെലവ് വന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.പ്രവൃത്തി നിർവഹിക്കുന്ന സമയത്ത് എസ്റ്റിമേറ്റ് പ്രകാരം അനുമതി ലഭിച്ച ഇനം, സ്പെസിഫിക്കേഷൻ എന്നിവ ഉപയോഗിക്കുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും അധികച്ചെലവ് ഒഴിവാക്കി പ്രവൃത്തി നിർവഹിക്കേണ്ടതുമാണ്.

## 1-26 അങ്കിയറ-കരിങ്ങോട്ടുകോണം റോഡ് റീടാറിംഗ്-അധികച്ചെലവ് 9265/-

| | |
|---|---|
| പ്രോജക്ട് നം | 68/2021-22 |
| അടങ്കൽ | 900000/-മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| ചെലവ് | 861983/- |
| ബിൽ നം/ചെക്ക് നം | 71 തീയതി. 27.03.2021 |
| കരാറുകാരൻ | ശ്രീജിത് |
| എം ബുക്ക് നം | 347/2021-22 |
| DSR/Cost Index | 2016/37.93% |

റോഡ് ടാറിംഗ്, റീടാറിംഗ്, ബേം കോൺക്രീറ്റ്, ഓട മെയിന്റനൻസ് എന്നിവ ഉൾപ്പെടുത്തിയാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. എന്നാൽ ടാറിംഗ്, റീ ടാറിംഗ്, ബേം കോൺക്രീറ്റിംഗ് എന്നിവ നിർവഹിച്ച ശേഷം ഓട നിർമ്മാണം നിർവഹിക്കാതെ പ്രവൃത്തി അവസാനിപ്പിച്ചു.

ഓടയ്ക്കായി വകയിരുത്തിയ ഇനങ്ങൾ

ഇനം നം1.M 15 കോൺക്രീറ്റ് (1:2.5:5) Pcc

0.4 M3 @7208. 42/m3 = 2883.37

ഇനം നം2.TMT Bar ( 11-8)

0.048 Tonne @ 71459.88/ Tonne =3430.07

ഇനം നം3. M20 Concrete (11-4-4)

0.6 M3 @8253-16/m3 = 4951-90/-

ആകെ വകയിരുത്തിയത് = 11265/-

കരാറുകാരന്റെ പി.എ.സി 771103/- ആണ്. ഇനം നം Appedix 3 ആയി ഉൾപ്പെടുത്തിയ ഓട നിർമ്മാണത്തിലെ 3 ഇനങ്ങൾക്കായി സാങ്കേതികാനുമതി ലഭിച്ച 112651/- രൂപ മറ്റ് ഇനങ്ങൾ കൂടുതലായി നിർവഹിച്ച് അവയ്ക്ക് തുക നല്കുവാനായി ചെലവഴിച്ചു. സാങ്കേതിക അനുമതി ലഭിച്ച ഇനങ്ങൾ ഒഴിവാക്കിയതിന് റിവൈസ്ഡ് എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടില്ല. ജി.ഒ.(പി)13/2012/pwd/01.02.2012 പ്രകാരം സാങ്കേതികാനുമതി ലഭിച്ച ഏതെങ്കിലും ഇനം ഒഴിവാക്കലും കൂട്ടിച്ചേർക്കലും മാറ്റം വരുത്തലും ആവശ്യമായി വരുന്ന സംഗതിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണം. എന്നാൽ ഇവിടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായോ സാങ്കേതികാനുമതി ലഭ്യമായതായോ രേഖയില്ല. ഓട നിർമ്മാണത്തിന്റെ 3 ഇനങ്ങൾക്കുമായി കരാറുകാരൻ 10740/- രൂപ ക്വാട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഓട നിർമ്മാണം പ്രവ്യത്തി നിർവഹിക്കാത്തതിനാലും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാത്തതിനാലും ഈ തുക മറ്റ് ഇനങ്ങൾ അധികമായി നിർവഹിച്ചതിന് ചെലവാക്കിയത് ക്രമപ്രകാരമല്ല.

കരാറുകാരന്റെ പി.എ.സി - 771103/-രൂപ

ഓട നിർമ്മാണത്തിന് മാത്രം ക്വാട്ട് ചെയ്തതു ക- 10740/-രൂപ

മറ്റ് ഇനങ്ങൾക്ക് പരമാവധി അനുവദിക്കാവുന്ന തുക -760363/-(771103-10740)

അനുവദിച്ച പ്രവൃത്തി മൂല്യം - 769628/-

അധികം അനുവദിച്ച പ്രവൃത്തി മൂല്യം -9265/-

മേൽ പരാമർശിച്ച അപാകത ഓഡിറ്റ് അന്വേഷണം - 17/ 2022 തീയതി: 30.09.2022 പ്രകാരം നിർവഹണ ഉദ്യാഗസ്ഥനെ അറിയിച്ചിരുന്നു. ഇതിന് മറുപടിയായി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്തെക്കാൾ നിർവഹണ സമയത്ത് റോഡിലെ ചിലഭാഗങ്ങൾ സബ്ഗ്രേഡ് തകർന്ന് ശോചനീയമായെന്നും ആയതിനാൽ WMM കൂടുതലായി ഉപയോഗിക്കേണ്ടി വന്നുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മരാമത്ത് മാന്വൽ നിഷ്കർഷിക്കും പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ ചെലവ് ചെയ്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ആയതിനാൽ ഈയിനത്തിൽ 9265/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-27 കോണത്ത് പൊറ്റയിൽ റോഡ് ഡ്രെയിൻ നിർമാണം-പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ. അധികച്ചെലവ് -9344/-രൂപ.

| | |
|---|---|
| പ്രോജക്ട് നം | 16/2022 |
| അടങ്കൽ | 300000/- മെയിന്റനൻസ് ഗ്രാന്റ് റോഡ് |
| ചെലവ് | 299815/- |
| ബിൽ നം/ചെക്ക് നം | 68/തീയതി. 24.03.2022 |
| DSR/Cost Index | 2016/37.93% |
| എം ബുക്ക് നം | 382/2021-22 |

ഈ പ്രവൃത്തിയിൽ ഇനം നം 1 ആയി (25.60 X 1.00 X 1.550=39-68 M3) എർത്ത് വർക്ക് ചെയ്തിട്ടുണ്ട്. ശേഷം 60 സെ.മി കനത്തിൽ DR ഉം, 10 സെ.മി കനത്തിൽ ക്വാറിമക്ക് ഫില്ലിംഗും, 15 സെമി കനത്തിൽ M10 കോൺക്രീറ്റും 20 സെമി കനത്തിൽ M20 കോൺക്രീറ്റും ചെയ്തിട്ടുണ്ട്. ശേഷം ഓടയുടെ സൈഡ് വാളുകൾ M20 (12-5-3) കോൺക്രീറ്റ് ഉപയോഗിച്ച് നിർവഹിച്ചതായി കാണുന്നു. ഓടകളുടെ സൈഡ് വാളുകളുടെ കോൺക്രീറ്റ് M15 സ്പെസിഫിക്കേഷനിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചാണ് നിർവഹിക്കേണ്ടത്. ഗ്രാമ പഞ്ചായത്ത് നിർവഹിച്ചിരിക്കുന്ന മറ്റ് ഓടകളുടെ പ്രവൃത്തികളിലും M15 കോൺക്രീറ്റ് ആണ് ഉപയോഗിച്ചിരിക്കുന്നത്. ഉയർന്ന നിരക്കിലുള്ള കോൺക്രീറ്റ് ഉപയോഗിച്ചതിനാൽ ഇവിടെ അധികച്ചെലവ് വന്നിട്ടുണ്ട്.

<u>ഉപയോഗിച്ച ഇനം</u>

ഇനം നം 3 (M 20) 12-5-3 M.Book Page No. 3

1x2x 25.60 X 0. 20 X 0.60 = 6.144 M3

<u>നൽകിയ തുക</u>

6-144 M3 @8729-29=53633

<u>ഉപയോഗിക്കേണ്ടിയിരുന്ന ഇനം</u>

M 15

6-144 M3 @ 7208-42 = 44286

അധികച്ചെലവ് -9344/-

ഈ അപാകത ഓഡിറ്റ് അന്വേഷണം-നം 18/2022 തീയതി : 30.09.2022 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ

ബോധ്യപ്പെടുത്തിയപ്പോൾ റോഡിൽ ഗതാഗത സാന്ദ്രത കൂടിയതിനാലും ചതുപ്പ് സ്ഥലം ആയതിനാലും ആണ് സാധാരണയുള്ള M15 ഒഴിവാക്കി M20 ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്തത് എന്ന് മറുപടി നൽകി. എന്നാൽ ഇതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. അനുവദനീയമായ ഇനം ഒഴിവാക്കി ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ഇനം പകരമായി ഉപയോഗിക്കേണ്ട സന്ദർഭങ്ങളിൽ ആയതിന്റെ ആവശ്യകത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിക്കേണ്ടതുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും അധികച്ചെലവ് ഉണ്ടാകാത്ത വിധത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-28 കുടുംബാരോഗ്യകേന്ദ്രത്തിൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 186/2021-22 |
| പ്രോജക്ടിന്റെ പേര് | കുടുംബാരോഗ്യകേന്ദ്രത്തിൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ | Rs. 172300/- |
| ചെലവ് | Rs. 172000/- |
| ബിൽ നമ്പർ | --- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |

കുടുംബാരോഗ്യകേന്ദ്രത്തിൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ എന്ന പ്രോജക്റ്റിന്റെ ഭാഗമായി വികസന ഫണ്ടിൽ നിന്നും (സി.എഫ്.സി അവാർഡ്) രൂപ 172000/- ചെലവഴിച്ച് Kerala SIDCO യിൽ നിന്നും Manual Solid Waste Dispoal Incinerator-FLT SWDL 50 എന്ന മാലിന്യ സംസ്കരണ യന്ത്രം വാങ്ങിയിട്ടുണ്ട് . എന്നാൽ മേൽപ്രകാരമുള്ള യന്ത്രം യഥാവിധി ഇൻസ്റ്റാൾ ചെയ്തിരുന്നോയെന്നും ആയതിന്റെ പരിപാലനം മേൽനോട്ടം ചെയ്യപ്പെടുന്നുണ്ടോയെന്നും നിലവിലെ പ്രവർത്തന സ്ഥിതിയെന്താണെന്നും ഓഡിറ്റിന് പരിശോധിക്കുന്നതിനായി Manual Solid Waste Dispoal Incinerator-FLT SWDL 50 – ന്റെ Installation Report, Monitoring Committee Report, Status Report എന്നിവ ലഭ്യമാക്കാൻ 03.10.2022 ലെ ഓഡിറ്റ് എൻക്വയറി നം 44/21-22 മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. മേൽ പ്രകാരമുള്ള Manual Solid Waste Dispoal Incinerator-FLT SWDL 50 – ന്റെ Installation Report, Monitoring Committee Report, Status Report എന്നിവ ഹാജരാക്കാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-29 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക തടസ്സം ചെയ്യുന്നു - 2873825/-

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെപ്പറയുന്ന പദ്ധതികളിൽ (ഡെപ്പോസിറ്റ് വർക്ക്), നിർവ്വഹണ ഏജൻസികൾ ഡെപ്പോസിറ്റ് തുക കൈപ്പറ്റിയതിന് രസീത് നൽകുകയോ, പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | നിർവ്വഹണ ഏജൻസി | കൈപ്പറ്റിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 174/2021-'22 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (സി.എഫ്.സി) | കെ.ഡബ്ള്യൂ.എ. നെയ്യാറ്റിൻകര | 6,95,800/- | PFMS Vrno-22101035/31.3.22 |
| 2 | 253/2021-'22 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (സി.എഫ്.സി) | കെ.ഡബ്ള്യൂ.എ. നെയ്യാറ്റിൻകര | 20,00,000/- | ബിൽ നം. 41/24.3.22 |
| 3 | 306/2021-'22 | വൈദ്യുതി ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി. പേയാട് ഡിവിഷൻ | 99000/- | ചെക്ക് നം 817147/18.1.22 |
| 4 | 3/2021-'22 | ഐ.കെ.എം. വിഹിതം | ജില്ലാ-കോ-ഓർഡിനേറ്റർ | 79025/- | PFMS Vrno-22101069/18.1.22 |
| | | | ആകെ | 2873825/- | |

## 1-30 ഹരിത കർമ്മസേനാ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | S0138/22 |
| പ്രോജക്ടിന്റെ പേര് | ഹരിത കർമ്മ സേന |
| അടങ്കൽ | 296782 (വികസനഫണ്ട്-ധനകാര്യ കമ്മിഷൻ ഗ്രാന്റ്)<br>100000/- (തനത് ഫണ്ട്) |
| ചെലവ് | 226606/- |

2021-22 വർഷത്തെ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കായി വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി "ഹരിത കർമ്മസേന" എന്ന പ്രോജക്ടിനായി (നം. S0138/212) 226606/- രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വമാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഇതിനായി 17 വാർഡുകളിൽ നിന്നും അജൈവമാലിന്യം ഹരിത കർമ്മസേന വഴി ശേഖരിക്കുക, മാലിന്യ ശേഖരണ കേന്ദ്രങ്ങളിൽ എത്തിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

ഹരിത കർമ്മ സേന സംരംഭകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും ഹരിത സംരഭകർക്കുവേണ്ടി സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം, ഹരിത സംരംഭകർക്കുള്ള വിഭവങ്ങളുടെ സമാഹരണം, വൈദഗ്ധ്യ പരിശീലനങ്ങൾ നൽകൽ, പരാതി പരിഹരിക്കൽ, ഹരിത ഉപകരണങ്ങളുടെ സമാഹരണവും വിതരണവും, കമ്മിറ്റി യോഗങ്ങൾ നടത്തൽ, കണക്കുകൾ സൂക്ഷിക്കൽ, സാമ്പത്തിക ഇടപാടുകൾ എന്നിവ ഹരിത കർമ്മ സേനാ കൺസോർഷ്യത്തിന്റെ ചുമതലയിൽപ്പെടുന്നു. അറ്റൻഡൻസ് രജിസ്റ്റർ, മിനിട്ട്സ് ബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഹരിത കൺസോർഷ്യത്തിന്റെ കണക്കുകൾ കൺസോർഷ്യം സെക്രട്ടറി എഴുതുകയും സമിതിയുടെ പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്. ഇപ്രകാരമുള്ള നടപടിക്രമങ്ങളൊന്നും പഞ്ചായത്തിൽ നടന്നിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാർഡുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ്, അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെ വരുമാനം, ആഘോഷങ്ങളും ഉത്സവങ്ങളും മറ്റ് പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയുള്ള വരുമാനം, ഹരിത ഉപകരണങ്ങളുടെ വിൽപ്പനയും സർവ്വീസും, പൊതു മാലിന്യ സംവിധാനങ്ങളുടെ നടത്തിപ്പ്, കാർഷിക സേനയായി പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധങ്ങളായ വരുമാന സ്രോതസ്സുകൾ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങളൊന്നും പഞ്ചായത്തിൽ നടന്നിട്ടില്ല.

ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി മോണിട്ടർ ചെയ്യപ്പെടുന്നില്ല. പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം മോണിട്ടർ ചെയ്യേണ്ടതും ഹരിത സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സംരംഭകത്വത്തിൽ നിന്നും സേവനങ്ങൾ നൽകുന്നതിൽ നിന്നുമുള്ള വരുമാനം കൂടി ലഭ്യമാക്കാൻ സംരംഭകരെ പ്രാപ്തരാക്കേണ്ടതുമാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഹരിതകർമ്മ സേന അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും, മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകളും നൽകേണ്ടതാണ്.

സ.ഉ(സാധാ)നം.1496/2020/തസ്വഭവ തീയതി 12.08.2020 ഹരിതകർമ്മസേന -പ്രവർത്തനമാർഗരേഖ ഖണ്ഡിക 20 പ്രകാരം ഹരിതകർമ്മസേന/ഹരിതകൺസോർഷ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടതും പഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ മോണിറ്റർ ചെയ്യേണ്ടതുമാണ്. കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ കൂടുവാനും അവയുടെ മിനിട്ട്സ് രേഖപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഹരിത കർമ്മ സേന ഫീസ് രസീത്ബുക്കുകളുടെ സ്റ്റോക്ക് /വിതരണ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല

എത്ര രസീത് ബുക്കുകൾ, യൂസർ ഫീ കാർഡ് എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇവയുടെ സ്റ്റോക്ക്/വിതരണ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്കിലെടുത്ത രസീതുബുക്കുകളുടെ നമ്പർ, 17 വാർഡുകളിലേക്ക് വിതരണം ചെയ്തതിന്റെ വിശദാംശം, വിതരണം ചെയ്യാൻ അവശേഷിക്കുന്നവയുടെ കൃത്യത എന്നിവ പരിശോധിക്കാൻ കഴിഞ്ഞില്ല.

ഈ രസീതുകൾ ഉപയോഗിച്ച് ഹരിത കർമ്മ സേന വഴി എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്നും അവ പഞ്ചായത്തിൽ അടച്ചതിന്റെയും തുക ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല. ഓരോ വാർഡുകളിലും കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ പിരിവിന്റെ കൃത്യത ഓഫീസിൽ പരിശോധിക്കുകയോ ചെയ്തിട്ടില്ല. രസീത്ബുക്കുകളും കളക്ഷൻ രജിസ്റ്ററുകളും പിരിവു തുകയുടെ അടവിന്റെ വിശദാംശങ്ങളും സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം 28/2022 തീ -30.09.2022 ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിരുന്നു.

എന്നാൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല.

സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖ. 13.1 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ് അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരം തയ്യാറാക്കിയ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-31 ലൈഫ് ഭവന പദ്ധതി- തുക കൈപ്പറ്റിയിട്ടും പണി ആരംഭിച്ചിട്ടില്ല

ലൈഫ് സമ്പൂർണ ഭവനപദ്ധതി (ജനറൽ) പ്രകാരം ഭവനനിർമ്മാണത്തിനായി ശ്രീദേവി.എസ്/വിജയകുമാർ.കെ, ലളിത ഭവൻ, ചിറക്കോണം, പേയാട് .പി.ഒ, എന്ന ഗുണഭോക്താവിന് 200000/- രൂപ ഗഡുക്കളായി അനുവദിച്ചിട്ടുണ്ട്. തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക അനുവദിച്ച തീയതി | തുക |
|---|---|
| 15.02.2021 | 40000 |
| 29.11.2021 | 160000 |

ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം നം-26/22-ന് ലഭ്യമാക്കിയ മറുപടിയിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും ഇടപെടലും തുടർനടപടികളും അടിയന്തിരമായി ഉണ്ടാകേണ്ടതാണ്.

## 1-32 സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 250/22 |
| പ്രോജക്ടിന്റെ പേര് | എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് |
| അടങ്കൽ തുക | 298326 |
| ചെലവ് തുക | 298320 |
| ബിൽ നം/തീയതി | 38/21-22 തീ-26.03.22 |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിനായി ടെൻഡർ ക്ഷണിക്കുകയും കുറവ് നിരക്ക് ക്വാട്ട് ചെയ്ത Adcom Systems എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ജി.എസ്.ടി. ആക്ട് 2017 സെക്ഷൻ 51(1) വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിൽ അധികരിക്കുന്ന സാധനങ്ങളുടെയോ, സേവനങ്ങളുടെയോ കരാറുകളിലെ കരാറുകാരുടെ ബില്ലിൽ നിന്നും സ്രോതസ്സിൽ നിന്നും നികുതി ഒഴികെയുള്ള തുകയുടെ 2% തുക കുറവ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. (CGST 1% SGST 1%) എന്നാൽ പ്രസ്തുത വാങ്ങലുമായി ജി.എസ്.ടി. ഇനത്തിൽ കുറവ് ചെയ്യേണ്ടതായ തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല. പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-36/22-ന് ലഭ്യമാക്കിയ മറുപടിയിൽ Adcom Systems ഹാജരാക്കിയ ബില്ലിൽ നിന്നും ജി.എസ്.ടി. ഈടാക്കിയതിനാലാണ് 2% ഈടാക്കാതിരുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ 5056/- രൂപ (നികുതി ഒഴികെയുള്ള തുകയുടെ (252813) 2%) Adcom Systems എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 39, സ്നേഹസ്പർശം | 363375 | 226625 | 136750 |
| | 31, ക്ഷീരസമൃദ്ധി വനിത | 25000 | 25000 | 0 |
| | 32, ക്ഷീരസമൃദ്ധി ജനറൽ | 25000 | 25000 | 0 |
| | | | | |
| ആകെ | | 413375 | 276625 | 136750 |
| ബ്ലോക്ക് പഞ്ചായത്ത് | 04, സുഭിക്ഷകേരളം ഇടവിളകൃഷി | 50000 | 50000 | 0 |
| | 91, സുഭിക്ഷകേരളം തെങ്ങിൻതൈ വിതരണം | 50000 | 50000 | 0 |
| | 39, സ്നേഹസ്പർശം | 363375 | 349125 | 14250 |
| | 31, ക്ഷീരസമൃദ്ധി വനിത | 100000 | 50000 | 50000 |
| | 32, ക്ഷീരസമൃദ്ധി ജനറൽ | 100000 | 100000 | 0 |
| | 142, ജനകീയ ഹോട്ടൽ | 20000 | 20000 | 0 |
| | 41, അങ്കണവാടി പോഷകാഹാരം | 300000 | 200000 | 100000 |
| ആകെ | | 683375 | 819125 | 64250 |

| | 20-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 21-22 RP – 7, RP31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 21-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 196000 | 276625 | 472625 | 276625 | 196000 | 196000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1137802 | 799125 | 1936927 | 819125 | 1137802 | 1137802 |
| മുനിസിപ്പൽ കോർപ്പറേഷൻ | 1200000 | 0 | 1200000 | 0 | 1200000 | 1200000 |
| | | | | | ആകെ | 2533802 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക്നല്കിയ തുകയുടെ വിവരങ്ങൾ

| ഏജൻസി | അടങ്കൽ തുക | ചെലവ് | ബാലൻസ് |
|---|---|---|---|
| KSEB | 99000 | -- | |
| KWA | 2695800 | -- | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KURDFC ലോൺ | 22499397 | 0 | 22499397 | 2082666 | 20416731 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരുംഉദ്യോഗപ്പേരും | രസീതു നം./ തീയതി |
|---|---|---|---|---|---|
| | | | ഇല്ല | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2007-08 | 3 (5) | 2009-2010 | 3.8.2 | പരാമർശം ഒഴിവാക്കുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 18886729.95 |
| ഓഡിറ്റ് വർഷത്തെ വരവ് | 88226884 |
| ആകെ | 107113613.95 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 90194379 |
| നീക്കിയിരിപ്പ് | 16919234.95 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 129349/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3935541/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻറ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-10 | 51,812 | ശ്രീമതി. ബിന്ദു.പി.വി, സെക്രട്ടറി |
| 1-16 | 5,00,000 | ശ്രീമതി. സുനിഷ, ഹെഡ്മിസ്ട്രസ് |
| 1-19 | 4,25,000 | മുംതാസ് ബീഗം, വെറ്ററിനറി സർജൻ |
| 1-23 | 84,904 | ജയപ്രകാശ് .എസ്.പി, അസി.എഞ്ചിനീയർ |
| 1-29 | 28,73,825 | ശ്രീമതി. ബിന്ദു.പി.വി, സെക്രട്ടറി |
| ആകെ | 39,35,541 | |

ഡി) കേന്ദ്ര- സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1. | ശ്രീമതി.ബിന്ദു.പി.വി, സെക്രട്ടറി | സെക്രട്ടറി, കോട്ടുകാൽ ഗ്രാമപഞ്ചായത്ത് | നവമാലിക, മൈത്രിനഗർറോഡ്, തിരുവല്ലം. |
| 2. | ശ്രീമതി.ലക്ഷ്മി മുരുകൻ, കൃഷിഓഫീസർ | കൃഷിഓഫീസർ, വിളവൂർക്കൽ | റ്റി.സി.50/872, സൂര്യ, കാലടി, കരമന(പി.ഒ) |
| 3. | ശ്രീമതി.മുംതാസ് ബീഗം, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വിളവൂർക്കൽ | റ്റി.സി. 14/299(2), ബേക്കൽഹൗസ്, പാളയം |
| 4. | ശ്രീ.ജയപ്രകാശ്.എസ്.പി അസി.എഞ്ചിനീയർ | - | സത്യമംഗലം, മണ്ണാമൂല. പേരൂർക്കട |
| 5. | ശ്രീ.ഷാജി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, വിളവൂർക്കൽ | സലിംഭവൻ, പൂങ്കുളം, വെള്ളയാണി.പി.ഒ |
| 6. | ശ്രീമതി.സുനിഷ. | ഹെഡ്മിസ്ട്രസ്, വിളവൂർക്കൽ | റ്റി.സി.17/1984, പൂജപ്പുര |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 3 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 1 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/239/2022 തീയതി 11.10.2022 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/406/2019 തീയതി 10.06.2019 | 13 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.5/887/2022 തീയതി 09.11.2022 | 18 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/1217/2021 തീയതി 09.09.2021 | 34 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം./ജി.പി.4/457/2022 തീയതി 23.06.2022 | 37 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്